[Mr. M. Sivarama Menon]

Committee to which the other Verumpattomdars' Bills have been referred to, with one modification that the mover of the Bill Mr. K. T. Achuthan who is not a member of the Committee may also be kindly included and with the exception of the Hon'ble President.

Mr. President: The question is that the Bill may be referred to the same Select Committee consisting of the same members with the addition of Mr. K. T. Achuthan and with the exception of the Hon'ble President.

Motion put and carried

Mr. President: When will it be reported?

Mr. Parambi Lonappen *(Minister for Revenue):* It will be reported upon along with the other bills.

(3) THE COCHIN PANCHAYAT ACT (AMENDMENT) BILL

മിസ്റ്റർ പി. കെ. ഡീവർ: ഈ പഞ്ചായത്തുനിയമപ്രകാരം തിരഞ്ഞെടുപ്പിനു് പ്രായപൂർത്തിവന്ന എല്ലാ ആളുകൾക്കും വോട്ടവകാശം നല്കീട്ടുണ്ടു്. അതിൽ തിരഞ്ഞെടുപ്പിനു് നില്ക്കുന്നവക്കു് വേണ്ടതായ qualifications നിർദ്ദേശിച്ചിട്ടുണ്ടു്. കൊച്ചിനിയമസഭയെസംബന്ധിച്ചാണെങ്കിൽ ഒരു വോട്ടർ ആയിട്ടുള്ള ആൾക്കു് തിരഞ്ഞെടുപ്പിനു് നില്ക്കാമെന്നാണു് വെച്ചിട്ടുള്ളതു്. ആ നിലക്കു്, കൊച്ചിനിയമസഭയിലേക്കു് വരുവാനുള്ള ഒരാൾക്കു്, ഈ സഭയുടെ, അദ്ധ്യക്ഷപദംവരെ, സഭയുടെ ഉന്നതസ്ഥാനങ്ങളിൽ, വരാവുന്ന ആളുകൾക്കു് യാതൊരു പ്രത്യേക വ്യവസ്ഥകളും ചെയ്തിട്ടില്ല. അതുകൊണ്ടു് പഞ്ചായത്തു തെരഞ്ഞെടുപ്പിനു് നില്ക്കുന്ന ആളുകൾക്കു് വ്യവസ്ഥകൾ ചെയ്തിട്ടുള്ളതു് ഒരിക്കലും ശരിയായിട്ടില്ല. എനിക്കറിയാം, ഇക്കാര്യത്തിൽ അധ:കൃതരെ വ്യവസ്ഥപ്പെടുത്തീട്ടുണ്ടെന്നു്. ഇങ്ങനെ വ്യവസ്ഥപ്പെടുത്തീട്ടുള്ളതു് ആ സ്ഥാനങ്ങളിൽ അനർഹരായിട്ടുള്ള ആളുകൾ വന്നുകയറിയേക്കാമെന്നുവെച്ചാണെങ്കിൽ, അങ്ങിനെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ള ഒരാൾ, അല്ലെങ്കിൽ നികുതിയോഗ്യതയുള്ള ആളുകൾക്കു് മാത്രമേ നില്ക്കാൻ പാടുള്ളൂ എന്നാണു്. വിദ്യാഭ്യാസമുള്ള ആളുകളേ നില്ക്കാൻ പാടുള്ളൂ എന്നു പറഞ്ഞാൽ അതു് വേണ്ടില്ല. നികുതിയോഗ്യതയുള്ള ആളുകൾ വിദ്യാഭ്യാസമുള്ള ആളുകളായിക്കൊള്ളണമെന്നില്ല. തന്റെ പേരു്, 'ക്ര' എന്നൊ വട്ടത്തിൽ ഒരു വരയൊ ഇങ്ങിനെ എന്തെങ്കിലും വരയ്ക്കുവാനല്ലാതെ തന്റെ സ്വന്തം പേരെഴുതി ഒപ്പിടുവാൻപോലുമറിയാത്ത ആളുകൾ, നികുതി കൊടുക്കുന്നുണ്ടു് എന്നുള്ള പേരിന്മേൽ തിരഞ്ഞെടുപ്പിനു് നില്ക്കാമെന്നാണു് പറയുന്നതു്! നികുതി കൊടുക്കുന്നുമില്ല, വിദ്യാഭ്യാസം ഉണ്ടുതാനും. അങ്ങിനെയുള്ളവനു് നില്ക്കാൻ പാടില്ല എന്നുള്ളതു് ഈ കാലത്തെ പരിതസ്ഥിതികളെ സംബന്ധിച്ചേടത്തോളം, അതു് സമ്മതിച്ചുകൊടുക്കാൻ പാടില്ലാത്തതാണു്. അതു് ഈ രാജ്യത്തെ പൌരാവലിയുടെ സ്വാതന്ത്ര്യത്തേയും അവകാശത്തേയും ചോദ്യംചെയ്യുന്ന ഒന്നാണു്. ഇന്നത്തെ വില്ലേജു് കോടതികളിൽ ശരിയ്ക്കു് എഴുതാൻ അറിയാത്ത ആളുകൾപോലും ജഡ്ജിമാരായിട്ടുണ്ടു്. വില്ലേജു് കോടതി പ്രസിഡണ്ടുമാരായിട്ടുണ്ടു്. അതുകൊണ്ടു് ഈ വ്യവസ്ഥ ഈ നിയമത്തിൽ വെച്ചിരിക്കുന്നതു്, പുരോഗമനപരമായിട്ടുള്ള ഈ കൊച്ചിക്കു് അഭിമാനകരമായിരിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. ഈ ബില്ലു് ഈ സഭയുടെ എല്ലാ വിഭാഗങ്ങളും സ്വാഗതംചെയ്യുമെന്നു വിശ്വസിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെകുറിച്ചു ഞാൻ നേരത്തെതന്നെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതാണു്. ഇന്നത്തെ ആക്ടു് ആദ്യം ബില്ലായി നിയമസഭയിൽ കൊണ്ടുവന്നപ്പോൾ ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരുന്നു. പക്ഷെ അന്നു് അതു് അന്നത്തെ മന്ത്രികക്ഷിക്കാർ തള്ളിക്കളഞ്ഞു. മന്ത്രിഭരണം നടത്താമെന്നുണ്ടെങ്കിൽ പഞ്ചായത്തുകളിൽ സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവക്കോ നികുതി കൊടുക്കുന്നവക്കോ മാത്രമേ വില്ലേജു് ഭരണത്തിൽ ഇരിക്കുവാൻ പാടുള്ളുവെന്നുള്ളതു് വാസ്തവത്തിൽ പോരായ്മയായിട്ടുള്ളൊരു കാര്യമാണു്. ഈ ആക്ടു് മുഴുവനും നടപ്പിൽ വന്നിട്ടില്ലാത്തതുകൊണ്ടു് ഈ ഭേദഗതി നടപ്പിലാക്കുന്നതു് നന്നായിരിക്കുമെന്നഭിപ്രായമുണ്ടു്. ഇതു് ഈഴവർ മുതലായ അവശസമുദായങ്ങളെയാണു് പ്രധാനമായി ബാധിക്കുക. അവരുടെ ഇടയിൽ സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരാണെങ്കിൽ ഇതിനൊന്നും നില്ക്കാതെ വേറെ എതെങ്കിലും ഉദ്യോഗം അന്വേഷിച്ചു പോകേണ്ടതായിട്ടുവരും. അവരുടെയിടയിൽ നികുതിയോഗ്യതയുള്ളവരും ഉണ്ടായിരിക്കുകയില്ല. ഇതു നായന്മാരേയോ തമിഴ്ബ്രാഹ്മണരേയോ ക്രസ്ത്യാനികളേയോ ബാധിക്കുന്നതു കാര്യമില്ല. ഞങ്ങളെപ്പോലെയുള്ള അവശസമുദായങ്ങൾക്കു് മെച്ചമുണ്ടാകുമെന്നു പറയുമ്പോൾ അതു് ത

LIBRARY ARCHIVES Kerala Legislative Assembly

തള്ളപ്പെടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈ ബില്ലു് സിലക്ടു്കമ്മിറ്റിയിലേയ്ക്കയക്കാതെതന്നെ വേണ്ടതായ തീരുമാനം ഉണ്ടാക്കണമെന്നു് ഇന്നത്തെ ഗവണ്മെണ്ടിനോടു് പ്രത്യേകം പറഞ്ഞുകൊള്ളുന്നു.

റാവുബഹദൂർ ടി. കെ. നായർ: മരു മെമ്പറാകുവാൻ ലിറ്ററസിയുംകൂടി വേണമെന്നുള്ളതു സമ്മതിക്കുവാൻ തെയ്യാറില്ലേ?

മിസ്റ്റർ പി. കെ. ഡീവർ: സ്കൂൾ ഫൈനൽ വേണമെന്നാണു് പറയുന്നതു്.

റാവുബഹദൂർ ടി. കെ. നായ: ഇരുപത്തഞ്ചുവയസ്സും ലിറ്ററസിയും ഉള്ള ഒരംഗം വേണമെന്നുള്ളതു് സമ്മതമാണെങ്കിൽ ഇതു സ്വീകരിക്കുവാൻ തെയ്യാറാണു്. എഴുതാനും വായിക്കുവാനും അറിയാത്ത ആൾക്കു് ഒരു ടെസ്റ്റില്ലാതെ നിവൃത്തിയില്ല. ഈ ബുദ്ധിമുട്ടിനെപ്പറ്റി എനിക്കറിയാം. ഒരു എക്സിക്യൂട്ടീവു് ബോഡിയിലുള്ള ഒരാൾക്കു് ഇതൊക്കെ വേണമെന്നാണു് എന്റെ അഭിപ്രായം. എന്നാൽ ലെജിസ്ലേറ്റീവു് കൌൺസിലിലെ ഒരു മെമ്പക്കു് ഈ വക കപ്പാളിഫിക്കേഷനൊന്നും വേണ്ടാ എന്നുള്ളകാര്യത്തിൽ ഇതു താരതമ്യപ്പെടുത്തുകയാണെങ്കിൽ എനിക്കതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. പക്ഷെ ഈ വാദം ഇന്നു ഞാൻ കൊണ്ടുവരുന്നില്ല. എക്സിക്യൂട്ടീവു് ബോഡിയിലിരിക്കുന്ന ഒരു മെമ്പക്കു് എഴുതുവാനും വായിക്കുവാനും പരിചയമുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ സ്വീകരിക്കുവാൻ തെയ്യാറുണ്ടോ?

മിസ്റ്റർ പി. കെ. ഡീവർ: നികുതി യോഗ്യതയുള്ള ആളുകൾക്കു് ലിറ്ററസി വേണമെന്നു് പറയുമോ?

റാവുബഹദൂർ ടി. കെ. നായർ: ലിറ്ററസി അത്യാവശ്യമാണു്. നികുതി കൊടുക്കുന്നതിനു പുറമേ എഴുതുവാനും വായിക്കുവാനും അറിയണം. ഇരുപത്തഞ്ചു വയസ്സു പ്രായം വേണം. ഇനി ഗവണ്മെണ്ടു് സ്വീകരിക്കുന്ന അമണ്ടുമെണ്ടിനെസംബന്ധിച്ചു പറയുകയാണെങ്കിൽ ഇരുപത്തഞ്ചു വയസ്സുപ്രായമായിട്ടുള്ള ഒരാളും എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കുകയും ചെയ്താൽ പഞ്ചായത്തു മെമ്പറായിട്ടു നില്ക്കുവാൻ വിരോധമില്ലായെന്നുള്ളതാണു്. അപ്പോൾ ബാക്കിയുള്ള എല്ലാ കപ്പാളിഫിക്കേഷനും പോയി.

മിസ്റ്റർ പി. കെ. ഡീവർ: എനിക്കു വലിയ വിരോധം ഉണ്ടായിട്ടല്ല ഞാനിതു പറയുന്നതു്. ഇലക്ഷൻ കേസ്സുകൾ ധാരാളം ഉണ്ടാവും. ഇതു് ആരാണു് തീരുമാനിക്കുക. ഇതു് ഈ നാട്ടിൽ പൌരബോധമുള്ള ആളുകളെ ക്ഷോദ്യം ചെയ്യുന്ന ഒരേർപ്പാടാണു്. എഴുതുവാനും വായിപ്പാനും അറിയാവുന്ന ആളാണോ അല്ലയോ എന്നുള്ളതു് ഒരു ഇലക്ഷൻ കോടതി നോക്കേണ്ടതായിട്ടുവരും. അതുകൊണ്ടു പൌരബോധമുള്ള ആളുകൾക്കു് അറിയാം ആരെയാണു് തെരഞ്ഞെടുത്തയക്കേണ്ടതെന്നു്. അതുകൊണ്ടു് എഴുതുവാനും വായിക്കുവാനും പരിചയമുള്ള ആളെ പഞ്ചായത്തുകളിൽ മെമ്പറായിരിക്കുവാൻ സമ്മതിച്ചാൻ മതി.

റാവുബഹദൂർ ടി. കെ. നായർ: ആ വാദമൊക്കെ സമ്മതിച്ചു കഴിഞ്ഞുവല്ലൊ. ഇപ്പോഴത്തെ നിയമമനുസരിച്ചു ലിറ്ററസ്സിയും നികുതിയുംവേണം. അതല്ലെങ്കിൽ സ്കൂൾ ഫൈനലായിരിക്കണം. ഈ കാര്യത്തിനുവേണ്ടി എഴുതുവാനും വായിക്കുവാനും അറിയാത്ത ഒരാളെ വെക്കുന്നുണ്ടെന്നു് തെറ്റിദ്ധരിച്ചു പരിഭ്രമിക്കേണ്ടതായിട്ടില്ല. ഈ സ്ഥാപനത്തിനു് ഒരു അന്തസും വിലയും കൊടുക്കേണ്ടതു അത്യാവശ്യമാണു്. ഒന്നുപറയുകയാണെങ്കിൽ എഴുതാനും വായിക്കാനും അറിയാവുന്ന ആളെ മാത്രം വെക്കുന്നതിൽ ബുദ്ധിസാമർത്ഥ്യംനോക്കി വേണമെന്നു പറയുന്നതിനു് അർത്ഥമില്ല. നമ്മൾ നിയമം ഉണ്ടാക്കുന്നതു ചില തോതു വെച്ചിട്ടാണു്. ലിട്ടറസിയെന്നുള്ളതു ഒരു അളവുകോലാക്കി വെച്ചിട്ടുണ്ടു്. എഴുതുവാനും വായിക്കുവാനും അറിയുന്ന ആളുകളിൽ വളരെ യോഗ്യന്മാരായിട്ടുള്ള ആളുകളുണ്ടെന്നു് ആത്മാർത്ഥമായിട്ടു വിശ്വസിക്കുന്നവനാണു് ഞാൻ. അതുകൊണ്ടു ഇന്നത്തെ നിലയിലുള്ള യോഗ്യതാനിയമംവെച്ചു നോക്കുമ്പോൾ എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കുക, 21 വയസ്സു പ്രായവും ഉണ്ടായിരിക്കുകയെന്നുള്ളതാണു്. അതു സമ്മതിക്കുകയാണു് നല്ലതു്. ഇവിടെ പറയുന്നതുപോലെയുള്ള പരിഭ്രമമൊന്നും ഈ കാര്യത്തിലില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ നികുതി യോഗ്യതയില്ലാത്ത ഒരാൾ ഇലക്ഷനു് നില്ക്കുവാൻ പാടില്ലെന്നു് വ്യവസ്ഥയുണ്ടു്. എന്നാൽ നികുതി യോഗ്യതയില്ലാത്ത ഒരാൾ ഇലക്ഷനു നില്ക്കുന്നു. ബാലരാമപുരം എടുക്കുമ്പോൾതന്നെ oppose ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

അപ്പോൾ അയാൾ ലീഡറോറാണെന്ന് തീരുമാനിക്കുന്നത് എങ്ങിനെയാണ്. അതുകൂടാതെ കഴിക്കാനാണ് ഈ യോഗ്യതയില്ലെങ്കിൽ മറെറ യോഗ്യത വേണമെന്ന് പറയുന്നത്.

റാവുബഹദൂർ ടി. കെ. നായർ: കൂടുതൽ യോഗ്യതയുള്ള നിയമസഭാ ഇലക്ഷനുവരുന്ന കേസുകളോടുമാത്രം ബുദ്ധിമുട്ട വരികയില്ല. അതു എന്റെ പരിചയംകൊണ്ടു പറയുകയാണ്.

മിസ്റ്റർ പി. കെ. ഡീവർ: ശവമെടുക്കുന്നതിനു ബുദ്ധിമുട്ടില്ലെന്നു തോന്നുകയാണെങ്കിൽ എനിക്കു വിരോധമില്ല.

Mr. President : The question is that the Cochin Panchayat Act (Amendment) Bill be read in Council.

Motion put and carried

Secretary to the Council: The title of the Bill is the Cochin Panchayat Act (Amendment) Bill.

Mr. P. K. Dewer *(Nominated):* Sir.....

Mr. M. Sivarama Menon *(Constitutional Adviser)*: But in all such matters Government cannot do it at the spur of the moment. It is against the precedents of this House to suspend S. O. 32. I only say that Government may be given some time more or they will be put into difficulty.

Mr. President: What is the procedure now?

Mr. P. K. Dewer *(Nominated):* I have to give notice.

Mr. President : The next is Dr. (Mrs.) Francis' Bill.

(4) THE COCHIN REMOVAL OF DISCRIMINATION OF WOMEN'S WAGES BILL

Mrs. T. Francis *(Ernakulam-Women):* I move for the introduction of the Cochin Removal of Discrimination of Women's Wages Bill.

Sir, the women labourers in this State are put into great hardship on account of the difficulties due to their unequal wages, for the equal number of hours they work just like their brothers in factories and elsewhere. The hours they spend in the factories and elsewhere are equal and the wages they get are unequal to the wages in comparison with their brother labourers. Every body in the world now are very seriously thinking to have equal wages for women and no difference is to be shown to them, I mean according to sex difference. That is being considered, not only in Indian Dominion but elsewhere and also in different parts of the enlightened countries. So I am sure that my brothers in this House will take a serious view of the thing, when it comes to the discussion of this Bill in the Council and also now give a hearty support to this Bill and try to help the women labourers of the State. I am not going to give a very e aborate speech because it is a thing which is well known. It is a thing which is now being discussed elsewhere, so I am sure the House as a whole will support me. So there is no necessity to elaborate on this.

മിസ്സിസ് കെ. എം. ആർ. മേനോൻ: സർ, എറണാകുളം ലേഡിമെമ്പർ ഇങ്ങിനെ ഒരു ബിൽ കൊണ്ടുവന്നതിൽ ഞാൻ അവരെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വാസ്തവത്തിൽ കൊച്ചിരാജ്യത്തിൽ ഇങ്ങിനെയുള്ള ഒരു ബിൽ വളരെ അത്യാവശ്യമാണ്. സാധാരണ ചില ഫാക്ടറികളിൽ പുരുഷന്മാർ എടുക്കുന്നതിലധികം പണി സ്ത്രീകളെടുക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. എന്നാൽ അവിടെയും സ്ത്രീകൾക്കു പണം കിട്ടുന്ന നേരത്തു പുരുഷന്മാരേക്കാൾ കുറവാണ്. വാസ്തവത്തിൽ പുരുഷന്മാർ ഇതിനെപ്പറ്റി ആലോചിക്കുന്നില്ലെയെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. പുരുഷന്മാരാണെങ്കിൽ അവക്കു കിട്ടുന്ന കാശുകൊണ്ടു ചായകടിച്ചും മറ്റും അനാവശ്യചിലവുകൾ ചെയ്യാറുണ്ട്. എന്നാൽ സ്ത്രീകൾക്കു കിട്ടുന്ന കാശു അവർ വീട്ടിൽതന്നെ ചിലവാക്കും.

മിസ്റ്റർ എസ്സ്. എസ്സ്. കോഡർ: നല്ല, നല്ല സാരിയൊക്കെ മേടിക്കണ്ടെ?

മിസ്സിസ് കെ. എം. ആർ. മേനോൻ: അതെല്ലാം പുരുഷന്മാർ കൊണ്ടുകൊടുക്കണം. പുരുഷന്മാരേക്കാൾ കൂടുതൽ ശമ്പളം സ്ത്രീകൾക്കു കൊടുക്കണമെന്നുള്ള അഭിപ്രായക്കാരത്തിയാണു ഞാൻ. വാസ്തവത്തിൽ വീടുകളുടെ പ്രാരബ്ധം അവരാണു വഹിക്കുന്നതു്. അതുകൊണ്ടു പുരുഷന്മാരേക്കാൾ കുറയാത്ത ഒരു ശമ്പളം അവർക്കും കൊടുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിനെ ശക്തിയായി പിൻതാങ്ങികൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly